# മുസ്‌ലിംകളായാൽ പോരാ, മുഅ്മിനുകളാവണം

● വി.വി അബ്ദുല്ലാ സാഹിബ്, പെരിഞ്ഞനം

(മരിക്കുന്നതിന് മാസങ്ങൾക്ക് മുമ്പ് *പ്രബോധന*ത്തിലേക്ക് അയച്ചു തന്ന ലേഖനം)


**വളരെ** പെട്ടെന്നാണ് ഒരു ചിന്ത മനസ്സിൽ കടന്നുകൂടിയത്. ആ ചിന്തയുടെ ചിറകിൽ മനസ്സ് വാനലോകത്തേക്കുയർന്നു, പാറിയകന്നു, ഒരു വിഹഗവീക്ഷണം നടത്തി. കഴിഞ്ഞതിന്റെയും കഴിയുന്നതിന്റെയും പശ്ചാത്തലത്തിൽ മുസ്‌ലിം രാഷ്ട്രങ്ങളെയും മുസ്‌ലിം സമുദായത്തെയും കാണുകയും അവയെപ്പറ്റി ചിന്തിക്കുകയും ചെയ്തു.

ഉത്തമ സമുദായമെന്ന് ഖുർആൻ വർണിച്ച മുസ്‌ലിംകൾ ഇന്ന് ആ വർണനക്ക് അർഹരല്ലാതായിരിക്കുകയാണ്. പൂർവിക മുസ്‌ലിംകളിൽ നിലനിന്നിരുന്ന ആഭിജാത്യവും ഔൽകൃഷ്ട്യവും പ്രതാപവും എവിടെ? ഇന്നത്തെ അവരുടെ ശോച്യാവസ്ഥ എവിടെ? അവ തമ്മിൽ അജഗജാന്തരമുണ്ട്.

'വിശ്വാസികളെ സഹായിക്കേണ്ടത് എന്റെ കർത്തവ്യമാണ്' (*അർറൂം* 47). 'നിങ്ങൾ വിശ്വാസികളെങ്കിൽ നിങ്ങൾ ഉന്നതരാണ്' (*ആലു ഇംറാൻ* 139). ഇതുപോലെ ഖുർആനിലുള്ള പല പ്രഖ്യാപനങ്ങളും മുസ്‌ലിംകളെ ഇരുത്തിച്ചിന്തിപ്പിക്കേണ്ടതാണ്.

മുസ്‌ലിം സമുദായത്തിന് അല്ലാഹു നൽകിയ വാഗ്ദാനം ശരിക്കും പാലിക്കപ്പെട്ടിട്ടുണ്ടെന്ന് ചരിത്രം തെളിയിക്കുന്നു. ആ സഹായം അന്നത്തെ സമുദായത്തിൽ തികച്ചും പ്രതിഫലിക്കുകയുണ്ടായി. അവർ ലോക ജനതയിൽ സമുന്നതരായി വിലസുകയായിരുന്നു. അവർ അല്ലാഹുവിൽ വിശ്വസിച്ചു; അല്ലാഹുവിനു വേണ്ടി ജീവിച്ചു; അല്ലാഹുവിനു വേണ്ടി മരിച്ചു. എന്റെ ജീവിതവും മരണവും ലോക രക്ഷിതാവിനു വേണ്ടിയാണ് (മഹ്‌യായ വമമാത്തീ ലില്ലാഹി റബ്ബിൽ ആലമീൻ) എന്ന് ആത്മാർഥതയോടെ, മുഴുഹൃദയത്തോടെയാണ് അവർ നിത്യവും ഉരുവിട്ടിരുന്നത്. നാടും വീടും ഉപേക്ഷിച്ച് അന്യദേശങ്ങളിൽ അഭയം പ്രാപിക്കേണ്ടിവന്ന ആ ദുർബല സമുദായം അല്ലാഹുവിന്റെ സഹായത്താൽ വൻ ശക്തികളായ റോമക്കാരേയും പേർഷ്യക്കാരേയും കീഴ്പ്പെടുത്തി. ഒരു വലിയ ഭൂപ്രദേശം അവരുടെ ഭരണത്തിൻ

## വി.വി അബ്ദുല്ല സാഹിബ്



തൃശൂർ ജില്ലയിലെ പെരിഞ്ഞനം സ്വദേശി വി.വി അബ്ദുല്ല സാഹിബ് ഏപ്രിൽ 15-ന് നമ്മെ വിട്ടു പിരിഞ്ഞു-*ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.*

ഗോളശാസ്ത്ര പണ്ഡിതനായാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. 1920-ൽ ജനിച്ച വി.വി, അക്കാലത്തെ ഉന്നത വിദ്യാഭ്യാസം നേടുകയും ഉയർന്ന മാർക്കോടെ ഡിഗ്രി പാസ്സാവുകയും ചെയ്തു. മദിരാശി ഏജീസ് ഓഫീസിലായിരുന്നു ആദ്യം ജോലി. പിന്നീട് സെൻട്രൽ എക്സൈസ് കസ്റ്റംസ് സൂപ്രണ്ട് ആയി ദീർഘകാലം സത്യസന്ധമായി സേവനം ചെയ്തു. 1978-ൽ വിരമിച്ചു. മൂന്നുപീടികയിലും പെരിഞ്ഞനത്തും വ്യാപാരരംഗത്ത് കുറച്ചുകാലം പ്രവർത്തിച്ചിരുന്നു. പിന്നീട് സ്വസമുദായത്തിന്റെ വിശ്വാസ പാപ്പരത്തത്തിൽ മനംനൊന്ത്, സമുദായ ഉന്നമനത്തിനായി ശക്തമായി തൂലിക ചലിപ്പിച്ചു.

35-ഓളം കൃതികൾ രചിച്ചിട്ടുണ്ട്. സ്വന്തം ചെലവിലായിരുന്നു അവ പ്രസിദ്ധീകരിച്ചിരുന്നത്. സൗജന്യമായും ചെറിയ തോതിലുള്ള വില സ്വീകരിച്ചും പുസ്തകങ്ങൾ പ്രചരിപ്പിച്ചു. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായി പടവാളോങ്ങിയ ഒറ്റയാനായിരുന്നു അദ്ദേഹം. പുതുമയുള്ളതും വിജ്ഞാനപ്രദവുമായ ഒരു ഗോളശാസ്ത്ര ഗ്രന്ഥം അദ്ദേഹം തയാറാക്കിയിട്ടുണ്ട്. 'തിരുക്കുറൾ' മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. കവിതകൾക്ക് പുറമെ 'സാഗരമേള' എന്ന സാമൂഹിക നോവലും പ്രസിദ്ധീകരിച്ചു. ബഹുഭാഷാ പണ്ഡിതനായ അദ്ദേഹത്തിന് തമിഴ്നാട് ഗവൺമെന്റിന്റെയും കേരള ഗവൺമെന്റിന്റെയും ധനസഹായം ലഭിച്ചിട്ടുണ്ട്. പ്രശസ്തിയോ പരസ്യമോ ആഗ്രഹിക്കാതെ കടന്നുപോയ സാത്വികൻ. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ തേടി പണ്ഡിതന്മാരും ബുദ്ധിജീവികളും അദ്ദേഹത്തിന്റെ വീട്ടിൽ എത്തുമായിരുന്നു.

**പി.ബി.എസ് മൂന്നുപീടിക**

കീഴിൽ വന്നു. അബൂബക്കർ, ഉമർ, ഉസ്മാൻ, അലി(റ) എന്നീ ആത്മീയ ശ്രേഷ്ഠരും ഉത്തമ ഭരണകർത്താക്കളുമായ മഹാവ്യക്തികൾക്ക് ജന്മം നൽകി. ഖാലിദ്ബ്നു വലീദ്, സഅ്ദ്ബ്നു അബീ വഖാസ്, അബൂ ഉബൈദ മുതലായ അതുല്യ യോദ്ധാക്കളെ വാർത്തെടുത്തു. ശത്രുക്കളുടെ മധ്യത്തിലേക്ക് ഏകനായി ചാടിവീഴാൻ ധൈര്യം കാണിച്ച ബറാഅത്ബ്നു മാലിക്, സുബൈർ പോലെയുള്ള വീരശൂര ത്യാഗികളെ ഉദ്പാദിപ്പിച്ചു. ആൾബലമോ ആയുധ ശക്തിയോ കൂടാതെ വിജയാരവത്തോടെ മുന്നേറാനും നിസ്തുലവും നിസ്സീമവുമായ പ്രതാപൈശ്വര്യങ്ങളോടെ ജീവിക്കാനും അല്ലാഹു അവരെ സഹായിച്ചു.

അല്ലാഹു ആ വാഗ്ദാനം ലംഘിച്ച് മുസ്‌ലിംകളെ കൈവെടിഞ്ഞുവോ? ഇന്ന് എവിടെ നോക്കിയാലും മുസ്‌ലിംകൾ പിന്നാക്കാവസ്ഥയിലാണ്. എല്ലാം കൊണ്ടും അവർ ബലഹീനരായിത്തീർന്നിരിക്കുന്നു. ലോക ശക്തികൾ അവരെ വേട്ടയാടുന്നു. അവരെ ക്ഷയിപ്പിക്കാനും ഉന്മൂലനം ചെയ്യാനും ലോകം ഏകകണ്ഠമായി പരസ്യമായി ശ്രമിക്കുന്നു. അവരെ സ്നേഹിക്കാനും പിന്തുണക്കാനും ആരുമില്ല. ഈ ദാരുണാവസ്ഥക്ക് കാരണമെന്ത്?

'അല്ലാഹു വാഗ്ദത്തം ലംഘിക്കുകയില്ല' എന്നാണല്ലോ പറഞ്ഞിട്ടുള്ളത്. എന്താണ് അല്ലാഹുവിന്റെ വാഗ്ദാനം? മുഅ്മിനുകളെ സഹായിക്കാമെന്ന് – മുഅ്മിനുകളെ, മുസ്‌ലിംകളെയല്ല. ഇതാണ് മർമബിന്ദു.

ഖൈറുൽ ഖുറൂൻ (ഉത്തമ നൂറ്റാണ്ടുകൾ) പിന്നിട്ടു. മുസ്‌ലിംകളുടെ അധഃപതനം ആരംഭിച്ചു. അല്ലാഹുവിനുവേണ്ടി ജീവിച്ചിരുന്നവരുടെ കാലം കഴിഞ്ഞു. പിന്നീടു വന്നവർ പണം, പദവി, പ്രതാപം, അധികാരം എന്നിവക്കു വേണ്ടി ജീവിക്കാൻ തുടങ്ങി. ഇസ്‌ലാമിക യാഥാർഥ്യങ്ങൾ മറന്ന്, അല്ലാഹുവിനെ കൈവിട്ടു ഭൗതികതയിൽ വിളയാടാൻ ആരംഭിച്ചപ്പോൾ അല്ലാഹു അവർക്കുള്ള സഹായം പിൻവലിച്ചു. കാരണം അവന്റെ വാഗ്ദാനം മുഅ്മിനുകളെ (വിശ്വാസികളെ) സഹായിക്കാമെന്നാണ്, മുസ്‌ലിംകളെയല്ല.

ലോകം നിറയെ മുസ്‌ലിംകളുണ്ട്. അവരെ അല്ലാഹു സഹായിക്കുന്നില്ലെങ്കിൽ, എന്തുകൊണ്ട്? അവർ മുഅ്മിനുകളല്ലാത്തതു കൊണ്ടായിരിക്കണമല്ലോ. ചിന്തയുടെ കേന്ദ്രബിന്ദു ഇവിടെയാണ്. മുസ്‌ലിംകളായ നാം മുഅ്മിനുകളല്ലെന്നോ? അപ്പോൾ മുസ്‌ലിം ആര്, മുഅ്മിൻ ആര്? ഇസ്‌ലാമെന്ത്, ഈമാനെന്ത്? മുസ്‌ലിംകൾ, മുഅ്മിനുകൾ എന്ന് നാം സാധാരണയായി വകതിരിച്ചു പറയാറുണ്ടെങ്കിലും മുസ്‌ലിംകളൊക്കെ മുഅ്മിനുകളാണെന്ന് നാം കണ്ണും മൂടി സങ്കൽപിച്ചുകൊണ്ടാണല്ലോ കഴിഞ്ഞു കൂടുന്നത്. ഇനിയൊന്നു കണ്ണുതുറക്കുക.

മുഹമ്മദും അഹമദും എല്ലാം കാനേഷുമാരി മുസ്‌ലിംകളാണ്. നമസ്കാരവും നോമ്പും അനുഷ്ഠിക്കുന്നവർ യഥാർഥ മുസ്‌ലിംകളായി സമുദായം ഗണിക്കുന്നു (സകാത്തും ഹജ്ജും പണക്കാർക്കുള്ളതാണല്ലോ. സകാത്ത് കൊടുക്കുന്നുണ്ടോ എന്ന അന്വേഷണവും അതിന്റെ നിർവഹണത്തിൽ നിർബന്ധവും സമുദായം കൈവെടിഞ്ഞിരിക്കുകയാണ്). അതായത് 'മുസ്‌ലിമാവുക' എളുപ്പമാണെന്നർഥം. മേൽ സൂചിപ്പിച്ച രണ്ടു കർമങ്ങൾ അനുഷ്ഠിച്ചു കൊണ്ടിരുന്നാൽ മതി. എന്നാൽ 'മുഅ്മിനാകുക' എന്നതോ? അത്ര എളുപ്പമല്ല. ഈമാൻ ഹൃദയത്തിൽ ജനിക്കുകയും വളരുകയും ഉറക്കുകയും വേണം. അതിന്റെ വളർച്ചക്കും പൂർത്തീകരണത്തിനും അതിർവരമ്പുകളില്ല. തൗഹീദ് വായകൊണ്ട് എല്ലാവരും പറയും; ദീർഘമായി വർണിക്കും. അൽപം പോലും ഈമാൻ ആ ഹൃദയത്തിൽ കണ്ടില്ലെന്നും വരും. മുസ്‌ലിമാണെന്ന് ഉറക്കെപ്പറയാൻ ഒരാൾ മടിക്കുകയില്ല. എന്നാൽ മുഅ്മിനാണെന്ന് പറയാൻ ഒരുമ്പെട്ടെന്ന് വരില്ല. ഓരോ വ്യക്തിയും തന്റെ മനോഭാവം, വിശ്വാസം, കർമരീതി, ജീവിത ലക്ഷ്യം എന്നിവ അടിസ്ഥാനമാക്കി ആത്മപരിശോധന നടത്തി അക്കാര്യം നിർണയിച്ച് സ്വയം തൃപ്തിയടയേണ്ടതാണ്. മറ്റൊരാളുടെ ബാഹ്യകർമങ്ങൾ നോക്കി അയാൾ മുസ്‌ലിമാണെന്ന് നമുക്ക് പറയാം. എന്നാൽ ഒരാൾ മുഅ്മിനാണെന്ന് പറയാൻ സാധ്യമല്ലല്ലോ. അവിടെയാണ് ഈമാനും ഇസ്‌ലാമും തമ്മിലുള്ള അന്തരം.

'ഞങ്ങൾ വിശ്വസിച്ചുകഴിഞ്ഞിട്ടുണ്ടെന്ന് ഗ്രാമീണർ പറയുന്നു. (അല്ലയോ നബീ) അവരോടു പറയുക. നിങ്ങൾ വിശ്വസിച്ചിട്ടില്ല. അതു കൊണ്ട് ഞങ്ങൾ മുസ്‌ലിംകളായി(കീഴടങ്ങി)രിക്കുന്നു എന്ന് പറഞ്ഞു കൊള്ളുക. നിങ്ങളുടെ ഹൃദയങ്ങളിൽ സത്യവിശ്വാസം ഇതുവരെ പ്രവേശിച്ചിട്ടില്ല. എന്നാൽ നിങ്ങൾ അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിക്കുന്ന പക്ഷം നിങ്ങളുടെ പ്രവർത്തന(ഫല)ങ്ങളിൽ യാതൊരു കുറവും അല്ലാഹു വരുത്തുകയില്ല. അല്ലാഹു വളരെയേറെ പൊറുക്കുന്നവനാണ്, കാരുണികനാണ്' (*അൽ ഹുജുറാത്ത്* 14).

ഖുർആന്റെ ഈ പ്രസ്താവന വളരെ വ്യക്തമാണ്. ഒട്ടും ഈമാനില്ലാത്തവനും വളരെ നല്ല മുസ്‌ലിമായി സമുദായമധ്യേ വിഹരിക്കാൻ കഴിയും. ബാഹ്യമായ കർമാനുഷ്ഠാനങ്ങൾ ഈമാന്റെ ലക്ഷണമായി തെറ്റിദ്ധരിക്കരുത്. തൗഹീദിന്റെ വിശ്വാസത്തിന് നിരക്കാത്ത, ഇസ്‌ലാമിക ശിക്ഷണങ്ങൾക്ക് അനുയോജ്യമല്ലാത്ത കുഫ്റ്-ബിദ്അത്തുകൾ ഇന്ന് മുസ്‌ലിംകൾ പരസ്യമായി, സംഘടിതമായി നിർവഹിക്കുന്നുണ്ടെന്നത് സത്യമാണ്. ബഹുദൈവവിശ്വാസികളുടെ ആരാധനാകർമങ്ങൾക്ക് സമാനമായ ധാരാളം ആചാരാനുഷ്ഠാനങ്ങൾ മുസ്‌ലിംകൾ ഇന്ന് ചെയ്തുവരുന്നുണ്ട്. അത്തരം കാര്യങ്ങൾ ഒരു വിഭാഗം പണ്ഡിതന്മാർ എതിർക്കുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നുണ്ടെങ്കിലും സിംഹഭാഗം മുസ്‌ലിംകളും ആ ജീവിതരീതിയിൽനിന്നും പൂർണമായും മോചിതരായിട്ടില്ല. എന്നല്ല മറ്റൊരു വശത്തുകൂടി അതിന് ന്യായീകരണവും ഉത്തേജനവും പ്രോത്സാഹനവും ലഭിക്കുന്നുണ്ട്. മുസ്‌ലിം പുരോഹിതന്മാർ അത്തരം കാര്യങ്ങൾ തെറ്റല്ലെന്ന് പ്രചരിപ്പിക്കുന്നതാണ് അതിനുകാരണം. ഇന്ന് ഇസ്‌ലാമിക ജീവിതം വാണിജ്യപ്രധാനമായിക്കൊണ്ടിരിക്കുകയാണ്. വാണിജ്യവൽക്കരിക്കപ്പെട്ട പല അനിസ്‌ലാമിക നടപടികളും സമർഥരായ മുസ്‌ലിം പുരോഹിതന്മാരും നേതാക്കളും സമുദായത്തിൽ നിലനിർത്തുകയും നടപ്പാക്കുകയും ചെയ്യുക വഴി അജ്ഞരായ ബഹുജനങ്ങളെ ചൂഷണം ചെയ്തു പണം സമ്പാദിക്കുന്നുണ്ട്.

അല്ലാഹുവിനെ മാത്രം ആരാധിക്കാനും അവനോടു മാത്രം സഹായം അഭ്യർഥിച്ചു പ്രാർഥിക്കാനും കൽപിക്കപ്പെട്ട മുസ്‌ലിംകൾ ഇന്ന് എന്തുമാത്രം 'കുട്ടിദൈവങ്ങളെ'യാണ് പ്രാർഥിക്കുന്നത്. രാജ്യം നിറയെ ശൈഖന്മാരും, ഖോജകളും, ഔലിയാക്കളും, ദർഗകളും, ജാറങ്ങളും, മഖ്ബറകളും, ഹസ്റത്തുമാരും, ഉപ്പാപ്പമാരും, ബീവികളും ഉണ്ട്. കാര്യസാധ്യത്തിനായി മുസ്‌ലിംകൾ ഈ സ്ഥാപനങ്ങളിലേക്ക് തീർഥയാത്ര ചെയ്യുന്നു; അവിടെ ധനം നിക്ഷേപിച്ച് അവരോടു പ്രാർഥിക്കുന്നു. അല്ലാഹു അല്ലാത്തവരോടു പ്രാർഥിക്കരുതെന്നും അവർ പ്രാർഥന കേൾക്കുകയില്ലെന്നും ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. മതപണ്ഡിതന്മാർ തന്നെ സ്ത്രീ-പുരുഷന്മാരെ സംഘടിപ്പിച്ച് അത്തരം കേന്ദ്രങ്ങളിലേക്ക് തീർഥയാത്ര നയിക്കുന്നു. മൂന്നു ദേവാലയങ്ങളിലേക്കു മാത്രമേ പുണ്യം ലക്ഷ്യം വെച്ച് സന്ദർശനം നടത്താൻ പാടുള്ളൂ എന്ന് ഇസ്‌ലാമിൽ കർശനമായ

ശാസനയുണ്ടെന്നറിയുന്ന പണ്ഡിതന്മാരാണ് ഈ അനിസ്ലാമിക പ്രവൃത്തിക്ക് നേതൃത്വം നൽകുന്നത്. സുഗമമായി പണം തട്ടിയെടുക്കാൻ എത്രയോ ആൾദൈവങ്ങളും ദേവികളും ഉണ്ട്. കപടസന്യാസികളും, വ്യാജസിദ്ധന്മാരും സിൽബന്ധികളോടു കൂടി അന്ധവിശ്വാസികളെ സമർഥമായി ചൂഷണം ചെയ്യുന്നു. സ്വലാത്തു കേന്ദ്രങ്ങളും ധ്യാനമഠങ്ങളും സേവാസെന്ററുകളും മറ്റൊരു രൂപത്തിലുള്ള ചൂഷണക്കുഴികളാണ്. അവിടെയൊക്കെ അമാനുഷിക ശക്തിയുടെ കളിയാട്ടമുണ്ടെന്ന കള്ളക്കഥകൾ കെട്ടിച്ചമച്ചും പ്രചരിപ്പിച്ചും പല അഭിനയ പ്രകടനങ്ങൾ നടത്തിയും പാവം ബഹുജനങ്ങളെ കബളിപ്പിച്ചു പണം നേടുന്നു. ആ തട്ടിപ്പുവീരന്മാരുടെ ധനത്തിൽ ഓഹരി പറ്റാൻ കുറേ ഇത്തിക്കണ്ണി മുസ്‌ലിംകൾ ശൈഖിനെ ചുറ്റിപ്പറ്റി സസുഖം വിഹരിക്കുന്നുമുണ്ടാവും. ഇവരൊക്കെ യഥാർഥ മുസ്‌ലിംകളാണെന്ന് സമുദായം പൊതുവെ അംഗീകരിക്കുകയും ചെയ്യും.

അല്ലാഹു 'സ്വമദ്' (ആരെയും ആശ്രയിക്കാത്തവനും എല്ലാവരും ആശ്രയിക്കുന്നവനും) ആണെന്ന് വിശ്വസിച്ചാൽ മതിയെന്നാണ് ഇത്തരക്കാരുടെ ന്യായം. ഒരു മതപണ്ഡിതന്റെ പ്രസ്താവന ഇങ്ങനെയാണ്: 'അല്ലാഹു മാത്രമാണ് സ്വമദ് എന്ന് പൂർണമായും വിശ്വസിക്കുന്നതോടെ, മറ്റുവല്ല സൃഷ്ടികളോടും സഹായമർഥിക്കുന്നതോ അവയെ മധ്യവർത്തിയാക്കുന്നതോ തൗഹീദിന് വിരുദ്ധമാകുന്നില്ല. പ്രസ്തുത സൃഷ്ടി ജീവിയാകട്ടെ, നിർജീവിയാകട്ടെ, മനുഷ്യനാകട്ടെ, മറ്റു ജീവികളാകട്ടെ, ജീവിച്ചിരിക്കുന്നവരാകട്ടെ, മരിച്ചവരാകട്ടെ എന്ന വ്യത്യാസമില്ല.....'

ഈ ധാരണയോടെ ജീവിക്കുന്നവർ മുഅ്മിനുകളിൽ പെടുമോ?

'നിങ്ങളൊന്നിച്ചുനിന്ന് അല്ലാഹുവിന്റെ പാശം മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിക്കരുത്' (*ആലുഇംറാൻ* 103) എന്ന് കൽപിക്കപ്പെട്ട ജനത മുഅ്മിനുകളും മുസ്‌ലിംകളുമായിരുന്നപ്പോൾ ഒരു സംഘടിത സമുദായമായി ശോഭിച്ചിരുന്നു. ആ സമുദായത്തിന്റെ ഇന്നത്തെ സ്ഥിതിയെന്താണ്? മതപരമായും സാമൂഹികമായും പല അഭിപ്രായ ഭിന്നതകളും ഉടലെടുത്തു, പല ശാഖകളും സംഘങ്ങളുമായി പിരിഞ്ഞു, അന്യോന്യം വഴക്കടിച്ചു തമ്മിൽ തല്ലി ബലഹീനരായി സ്വയം അധഃപതിച്ചുകൊണ്ടിരിക്കുകയാണ്. മാത്രമല്ല, മാത്സര്യത്തിന്റെ മൂർധന്യത്തിൽ പള്ളികൾ പോലും വേറെ വേറെ സ്ഥാപിച്ച് വിഭാഗീയതക്ക് ആഴവും ആക്കവും കൂട്ടുന്നു. അഭിപ്രായ ഭിന്നതകൾ മറന്ന് അന്യോന്യം ഐക്യപ്പെടാൻ ആരും തയാറല്ല. ആരും ആർക്കും കീഴ്പ്പെടാൻ ഒരുക്കമില്ല. തന്നേക്കാൾ ഉയർന്ന മറ്റാരും ഇല്ലെന്നാണ് ഓരോ നേതാവിന്റെയും ഭാവം. ഓരോരുത്തരുടെ കൈയിലുമുണ്ട് മൂന്നു കൊമ്പുള്ള മുയൽ. സർവജ്ഞത്വം അവകാശപ്പെടുന്ന ഇത്തരം പണ്ഡിത ശ്രേഷ്ഠന്മാർ മൂലം ബഹുജനം ഐക്യപ്പെടാൻ കഴിയാതെ ഭിന്നിച്ചു നിൽക്കാൻ നിർബന്ധിതരായിത്തീർന്നിരിക്കയാണ്. ഇങ്ങനെ കുത്തഴിഞ്ഞ സമുദായത്തിന് അല്ലാഹുവിന്റെ സഹായം ലഭിക്കുമോ?

'ഒരു ജനതയുടെ സ്ഥിതിയിൽ അവർതന്നെ മാറ്റം വരുത്തുന്നതുവരെ അവർക്ക് അല്ലാഹു ദാനം ചെയ്തിട്ടുള്ള അനുഗ്രഹങ്ങളിൽ അവൻ മാറ്റം വരുത്തുന്നതല്ല' (*അൽ അൻഫാൽ* 53). 'സത്യവിശ്വാസികൾക്കെതിരായി (വിജയിക്കുന്നതിന്) സത്യനിഷേധികൾക്ക് അല്ലാഹു വഴിതുറന്നു കൊടുക്കുകയില്ല' (*അന്നിസാഅ്* 141).

മുഅ്മിനുകൾ(സത്യവിശ്വാസികൾ) ഇന്നുണ്ടോ എന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു. ■